## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2460** **09.12.2014- ൽ മറുപടിക്ക്**

## "വ്യവസായ സംരംഭങ്ങൾക്ക് രൂപം കൊടുക്കുന്ന നടപടി"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.പി ജയരാജൻ**<br>**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**<br>**ശ്രീ. എം. ചന്ദ്രൻ**<br>**ശ്രീ. ജെയിംസ് മാത്യു** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി വ്യവസായ സംരംഭങ്ങൾക്ക് രൂപം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപത്തിലുള്ള നിലപാട് വ്യക്തമാക്കുമോ; | എ) ഇത്തരത്തിൽ ഒരു ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ ചെറുകിട മേഖലയിൽ ആരംഭിക്കുന്നതിനും അതിന് ബൃഹത്തായ രീതിയിൽ മാർക്കറ്റുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല എന്ന പരാതിയിന്മേലുള്ള നിലപാട് അറിയിക്കുമോ;<br><br>സി) ഇത്തരത്തിലുള്ള വ്യവസായ സംരംഭങ്ങൾ വ്യവസായ വകുപ്പിന് കീഴിൽ തന്നെ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ | ബി) & സി) കൃഷി, വ്യവസായ വകുപ്പുകൾക്കു കീഴിൽ കാർഷിക വിഭവങ്ങൾ ഉപയോഗപ്പെടുത്തി വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്കും പ്രായോഗികതയ്ക്കും അനുസൃതമായി കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനവും ധനസഹായവും കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്മാൾ ഫാർമേഴ്സ് അഗ്രോ ബിസിനസ്സ് കൺസോർഷ്യം(എസ്.എഫ്.എ.സി) എന്ന സ്ഥാപനം മുഖേന ചെയ്തുവരുന്നു. |

ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് പ്രോത്സാഹനവും ധനസഹായവും എസ്.എഫ്.എ.സി നൽകുന്നുണ്ട്. നാളികേരാധിഷ്ഠിതമായ ഏഴ് വ്യവസായങ്ങൾക്കായി 79,97,600/- രൂപയും, പഴം, പച്ചക്കറി, സുഗന്ധ വ്യഞ്ജനങ്ങൾ അടിസ്ഥാനമാക്കിയുള്ള 15 വ്യവസായ സംരംഭങ്ങൾക്ക് 45,41,042/- രൂപയും ഇതിനകം എസ്.എഫ്.എ.സി മുഖേന ധനസഹായം നൽകിയിട്ടുണ്ട്.

സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും വിപണനമേളകളിലും സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് വിപണനം നടത്തുന്നതിനും അതിലൂടെ ഉല്പന്നങ്ങൾക്ക് വേണ്ടത്ര പ്രചാരണം നൽകുന്നതിനും ഉള്ള അവസരങ്ങൾ ഇപ്പോൾ നൽകിവരുന്നു.

സംസ്ഥാനത്ത് കാർഷിക മേഖലയിൽ വികസന സാധ്യതകൾ വളർത്തുന്നതിനായി കേരള സർക്കാർ "BIOFACH – Global Agromeet 2014" 2014 നവംബറിൽ കൊച്ചിയിൽ വച്ച് നടത്തുകയുണ്ടായി. കാർഷിക മേഖലയിലധിഷ്ഠിതമായി സെമിനാറുകളും, എക്സിബിഷനുകളും ഈ പരിപാടിയുടെ ഭാഗമായി നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ